വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങയുടെ പ്രൊപ്പോസലിനോട് ഞാൻ പോസിറ്റീവായി പ്രതികരിക്കും. അങ്ങയെപോലുള്ള ബഹുമാന്യനായ ഒരംഗം റോഡിന്റെ നടുക്കുപോയി കിടക്കരുത് എന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അങ്ങ് ആ ഡിപ്പോയ്ക്കായി മൂന്ന് ബസ് അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത്. നേരത്തെ ആ ഡിപ്പോയിൽ പേപ്പർ ഷെഡ്യൂളായി കറേ ഷെഡ്യൂളുകളുണ്ടായിരുന്നു. അത് യാത്രക്കാരില്ലാത്തതിനാലും സർക്കാരിന് സാമ്പത്തികമായി പിടിച്ചു നിൽക്കാൻ സാധിക്കാത്തതുകൊണ്ടും നിർത്തിയ ഷെഡ്യൂളാണെങ്കിൽ അങ്ങ് നിർബന്ധിക്കില്ലെന്ന് എനിക്കറിയാം. ഇപ്പോൾ ലൈവായുള്ള ഷെഡ്യൂൾ നടത്തിക്കൊണ്ടുപോകുന്നതിന് എന്ത് അപാകതയാണുള്ളതെന്ന് അങ്ങും ഞാനും ഉദ്യോഗസ്ഥരേയുംകൂടി വിളിച്ച് പേഴ്സണലായി ചർച്ച നടത്തി ഈ പ്രശ്നത്തിന് പോസിറ്റീവായ പരിഹാരം കണ്ടെത്താം.

8. കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

ശ്രീ. സി. കെ. സദാശിവൻ : സർ, കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ കെട്ടിട സമുച്ചയം അപകടഭീഷണി ഉയർത്തുന്നതും 50 വർഷത്തിലേറെ പഴക്കമുള്ളതുമാണ്. ഈ കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്ന പ്രധാന ഓഫീസ്, ക്യാന്റീൻ, സെക്യൂരിറ്റി റൂം, വിശ്രമ മുറി എന്നിവ ഏത് നിമിഷവും നിലം പൊത്താവുന്നൊരു അവസ്ഥയിലാണ്. ദേശീയപാതയുടെ ഓരത്തായി കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്ത് നാലര ഏക്കർ സ്ഥലത്താണ് പ്രസ്തുത ഡിപ്പോ പ്രവർത്തിക്കുന്നത്. ഏത് നിമിഷവും ഈ മതിൽ ഇടിഞ്ഞുവീഴാവുന്ന അവസ്ഥയിലായതിനാൽ ഇത് ജീവനക്കാർക്കും വഴിയാത്രക്കാർക്കും ഭീഷണിയായി തീർന്നിരിക്കുകയാണ്. 10-3-2012-ൽ അന്ന് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാർ കായംകുളം ഡിപ്പോയിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുമെന്ന് ആലപ്പുഴ കളക്ടറേറ്റിലെ ഒരു കോൺഫറൻസിൽ പ്രഖ്യാപിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഗതാഗതവകുപ്പുമന്ത്രിയായിരുന്ന സമയത്തും കായംകുളം ബസ് സ്റ്റേഷനിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്ത ഒരു യോഗത്തിൽ കായംകുളം ഡിപ്പോയിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. പക്ഷെ അവിടെ ഒന്നും നടന്നില്ല. പ്രഖ്യാപനങ്ങൾ ആവർത്തിക്കാതെ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. മാത്രമല്ല, വല്ലാത്ത യാത്രാക്ലേശമാണ് ആ ബസ് സ്റ്റേഷനിൽ യാത്രക്കാർ

LIBRARY ARCHIVES Kerala Legislative Assembly

നേരിട്ടുകൊണ്ടിരിക്കുന്നത്. 2011 മെയ് മാസത്തിൽ മൂന്ന് സൂപ്പർ ഫാസ്റ്റ് ബസ്സുകൾ, 18 ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ, 57 ഓർഡിനറി ബസ്സുകൾ എന്നിങ്ങനെ മൊത്തം 78 ഷെഡ്യൂളുകൾ അവിടെനിന്നും ഓപ്പറേറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഇപ്പോൾ 50 ഷെഡ്യൂളുകളായി വെട്ടിക്കുറച്ചിരിക്കുന്നു. പ്രതിദിനം 29 ഷെഡ്യൂളുകളാണ് വെട്ടിക്കുറയ്ക്കുന്നത്. മുന്നറിയിപ്പില്ലാതെ ഷെഡ്യൂൾ വെട്ടികുറയ്ക്കുന്നതിന്റെ ഫലമായി രാത്രികാലങ്ങളിൽ യാത്രക്കാർ ബസ്സ് സ്റ്റേഷനിൽ ബുദ്ധിമുട്ടനുഭവിക്കുകയാണ്. വലിയ യാത്രാക്ലേശമാണ് ജനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നത്. റദ്ദാക്കിയ ഷെഡ്യൂളുകൾ പുനഃസ്ഥാപിക്കണം. നാലരയേക്കർ സ്ഥലമുള്ള കായംകുളം ഡിപ്പോയിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ അവിടത്തെ കെട്ടിടസമുച്ചയമെങ്കിലും പുതുക്കി നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. പുതിയ ബസ് ടെർമിനൽ കായംകുളം ബസ് ഡിപ്പോയിൽ പ്രഖ്യാപിക്കുകയുണ്ടായെങ്കിലും അതിന്റെ നിർമ്മാണം നടക്കുന്നത് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ സ്ഥലമായ ഹരിപ്പാടാണ്. അക്കാര്യത്തിൽ എനിക്ക് വലിയ സന്തോഷമുണ്ട്. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് കായംകുളംകൂടി പരിഗണിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, മേൽക്കൂര ഷീറ്റിട്ട് ചോർച്ച പരിഹരിക്കുന്നതിനും മറ്റ് അനുബന്ധ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്യാന്റീനും മറ്റ് അനുബന്ധ ഓഫീസുകളും പ്രവർത്തിക്കുന്ന കെട്ടിട സമുച്ചയം പുതുക്കിപ്പണിയുന്നതിന് 15 ലക്ഷം രൂപയുടെ ടെണ്ടറും നൽകിയിട്ടുണ്ട്. മറ്റൊന്ന്, 78 ഷെഡ്യൂളുകൾ നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. അനുവാദം കൊടുത്തിട്ടുണ്ടെങ്കിലും ഇപ്പോൾ 66 ഷെഡ്യൂളുകൾ മാത്രമേ അവിടെയുള്ളൂ. കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തികമായി ക്ലേശമുണ്ടെന്നുള്ളകാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. അങ്ങനെയുള്ള പോരായ്മ ഉണ്ടെങ്കിലും പുരാതനകാലം മുതലുള്ള ഷെഡ്യൂളുകളെ ഒഴിവാക്കി ലൈവായിട്ടുള്ള ഷെഡ്യൂളുകളിൽ അങ്ങേയ്ക്ക് അത്യാവശ്യമുള്ളത് ഏതാണെന്ന് സൂചിപ്പിച്ചാൽ അങ്ങുമായി ഡിസ്കസ് ചെയ്യാൻ ഉദ്യോഗസ്ഥർക്ക് ഞാൻ നിർദ്ദേശം കൊടുക്കുന്നതാണ്. അക്കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്. അങ്ങ് എഴുതിത്തന്ന സബ്മിഷൻ ലിസ്റ്റിനകത്ത് ബസ് ടെർമിനലിന്റെകാര്യം പറയാത്തതുകൊണ്ട് ഞാൻ അതിന്റെ ബാക്ഗ്രൗണ്ട് എടുത്തില്ല. ഒരു കാര്യം ഞാൻ ഉറപ്പായി പറയുന്നു, കായംകുളം വളരെ പ്രധാനപ്പെട്ട ഒരു സ്ഥലമാണ്. നമ്മുടെ സ്ഥലം നാഷണൽ ഹൈവേയുടെ സൈഡിലാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly